ഉത്തരം

(എ) കെൽട്രോൺ പുനരുദ്ധാരണത്തിന്റെ ഭാഗമായി ധനകാര്യ സ്ഥാപനങ്ങളുമായി സർക്കാർ ചർച്ച നടത്തുകയും അവയ്ക്കു നൽകേണ്ട ബാദ്ധ്യതയായ 44 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയനുസരിച്ച് 14 കോടിയായി കുറയ്ക്കുകയും അതിൽ 10 കോടി രൂപ കൊടുത്തു തീർക്കുകയും ചെയ്തു. ബാങ്കുകൾക്ക് കൊടുത്തുതീർക്കേണ്ട കടബാദ്ധ്യതയായ 146 കോടി രൂപയുടെ തീർപ്പാക്കലിനായി പലതവണ ബാങ്കുകളുമായി ചർച്ച നടത്തി. ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ നടപ്പാക്കുന്നതിനുവേണ്ടി ഒരു തവണകൂടി ചർച്ച വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പിയർലെസ്സിൽ നിന്നും എടുത്തിട്ടുള്ള വായ്പയുടേയും ബാങ്കുകളുടെ കടപത്രത്തിന്മേലുള്ള ബാദ്ധ്യതകളും തവണ വ്യവസ്ഥയിൽ അടച്ചുതീർക്കാൻ സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കെൽട്രോണിന് പ്രവർത്തന മൂലധനമായി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി. 2000 മാർച്ച് മുതൽ നവംബർ വരെ 81.83 കോടി രൂപയുടെ പ്രവർത്തന മൂലധനമായും സാങ്കേതിക വിദ്യാ നവീകരണത്തിനും, വി.ആർ.എസിനുമായി കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡിൽ നിന്നും സർക്കാർ വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി&സി) പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയതുവഴി ഈ യൂണിറ്റിന്റെ ഉല്പാദനം 30% വർദ്ധിച്ചു. റവന്യൂ ചെലവ് 30% ത്തോളം കുറയ്ക്കാനും സാധിച്ചു.

കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നതിൽ കാലതാമസം

156 (1422) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം കെൽട്രോൺ കൗണ്ടേഴ്സിലെ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ ; ഉണ്ടെങ്കിൽ അതൊഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കെ ആന്റ് ഡി എൽ.-ൽ നിന്ന് സ്ഥലം മാറ്റപ്പെട്ട് തിരുവനന്തപുരത്ത് വിവിധ യൂണിറ്റുകളിൽ ജോലിചെയ്യുന്നവരെ കുറ്റിപ്പുറത്തേക്കും തൃശൂരിലേക്കും മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) കെൽട്രോൺ കൗണ്ടേഴ്സിൽ ജോലി ചെയ്യുന്ന പി. ഐ. കദീന എന്ന തൊഴിലാളിക്ക് കുറ്റിപ്പുറം കെൽട്രോൺ യൂണിറ്റിലേക്ക് സ്ഥലംമാറ്റം കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇവർക്ക് ശമ്പളകുടിശ്ശിക നൽകാനുള്ളത് കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടാകാറുണ്ട്. പ്രതിദിന ഉൽപ്പാദന വർദ്ധനവ് ഉണ്ടായാൽ ശമ്പളം കാലതാമസം കൂടാതെ വിതരണംചെയ്യാൻ സാധിക്കും. പ്രതിദിന ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇതു സംബന്ധിച്ച അപേക്ഷയൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കമ്പനിയുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമ്പോൾ കുടിശ്ശിക നൽകുന്നതാണ്.

സിഡ്കൽ ടെലിവിഷൻ കമ്പനി

157 (1423) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരിയിലെ സിഡ്കൽ ടെലിവിഷൻ കമ്പനി കെൽട്രോണിൽ ലയിപ്പിക്കാൻ തീരുമാനമുണ്ടായിരുന്നോ ;

(ബി) ഈ തീരുമാനം നടപ്പിൽ വരുത്താൻ കാലതാമസം എന്താണ് ;

(സി) ലയനം ത്വരിതപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

കാഷ്യൂ കോർപ്പറേഷന്റെ പ്രവർത്തനം

158 (1424) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 സാമ്പത്തിക വർഷം കാഷ്യൂ കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ എത്ര ദിവസം ജോലിനൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കാലയളവിൽ ഫാക്ടറികളുടെ പ്രവർത്തനം ലാഭകരമായിരുന്നോ ; ആണെങ്കിൽ ലാഭം എത്ര ; നഷ്ടം എത്ര ;

(സി) ഈ കാലയളവിൽ ഫാക്ടറി പ്രവർത്തനത്തിനു വേണ്ടി സംസ്ഥാനത്തുനിന്നു എത്ര കശുവണ്ടി സംഭരിച്ചുവെന്നും ശരാശരി എന്തു വിലയ്ക്കാണ് സംഭരിച്ചതെന്നും വെളിപ്പെടുത്തുമോ ;

(ഡി) ഈ കാലയളവിൽ വിദേശത്തുനിന്നും എത്ര കശുവണ്ടി ഇറക്കുമതി ചെയ്തുവെന്നും ഏതെല്ലാം രാജ്യങ്ങളിൽനിന്നും എന്ത് വിലയ്ക്കാണ് ഇറക്കുമതി ചെയ്തതെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly